**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** | **04-07-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതിയിൽ പോക്സോ നിയമപാഠം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളും യുവാക്കളും ഉൾപ്പെടുന്ന പോക്സോ കേസുകൾ വർദ്ധിക്കുന്നത് ആശങ്കയ്ക്ക് ഇട നൽകുന്നതാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ കുട്ടികളും യുവാക്കളും ഉൾപ്പെടുന്ന പോക്സോ കേസുകൾ വർധിക്കുന്നത് ആശങ്കയ്ക്ക് ഇടനല്കുന്നതാണെന്നുള്ള ഹൈക്കോടതിയുടെ 2022 ജൂൺ 8 ലെ B.A.No.3273 ഉത്തരവിലെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പോക്സോ നിയമവും പീഡനക്കുറ്റവും സംബന്ധിച്ച് ഐ.പി. സി.യിൽ കൊണ്ടുവന്ന ഭേദഗതി സംബന്ധിച്ച കാര്യങ്ങളിൽ അറിവ് പകരാത്തത് വിദ്യാഭ്യാസ സംവിധാനത്തിന്റെ അപാകതയാണെന്ന് കോടതി അഭിപ്രായപ്പെടുകയുണ്ടായോ; | (ബി) | പോക്സോ നിയമവും പീഡനക്കുറ്റവും സംബന്ധിച്ച ഐ.പി.സി. യിൽ കൊണ്ടുവന്ന ഭേദഗതി സംബന്ധിച്ച കാര്യങ്ങളിൽ അറിവ് പകരാത്തത് വിദ്യാഭ്യാസ സംവിധാനത്തിന്റെ വീഴ്ചയാണെന്ന് ഹൈക്കോടതി 2022 ജൂൺ 8 ലെ B.A No.3273 ഉത്തരവിൽ അഭിപ്രായപ്പെട്ടിട്ടുണ്ട് . |
| (സി) | ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയും ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്യുകയുണ്ടായോ; വ്യക്തമാക്കാമോ; | (സി) | ലൈംഗിക അക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള അവബോധം സ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകണമെന്ന് ബഹുമാനപ്പെട്ട കോടതി പ്രസ്തുത ഓർഡറിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ പാഠ്യപദ്ധതിയിൽ ഈ നിയമങ്ങൾ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരളത്തിൽ പ്രീപ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടുണ്ട്. വിശദമായ ചർച്ചകളിലൂടെ പോക്സോ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കത്തക്കതരത്തിൽ പാഠപുസ്തകങ്ങളിൽ വേണ്ട ഉൾച്ചേർക്കലുകൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ